# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കല് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ടി.എസ്.ആർ(13)949/22dt.02.07.22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കല് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(13)949/22dt.02.07.22 തീയ്യതി: 16/07/2022

## തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജി കെ. | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |
| സതീശൻ എൻ. | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്) | 01-06-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബേബി പി.വി., ഓഡിറ്റ് ഓഫീസർ

മീര റ്റി., ഓഡിറ്റ് ഓഫീസർ

ഷൈനി കൃഷ്ണദാസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സ്വാലിഹ് സി.പി., ഓഡിറ്റർ

അരവിന്ദാക്ഷൻ വി എൻ ,ഓഡിറ്റർ ട്രെയിനി

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി വി കുരിയാക്കോസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്ഹോക് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ജ്യോതി ജോസഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ലൈല വി എം | സെക്രട്ടറി | 01-04-2020 | 05-08-2020 |
| അമൽ ദാസ് കെ.ജെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-08-2020 | 16-08-2020 |
| ചന്ദ്രമോഹൻ ബി എം | സെക്രട്ടറി | 17-08-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.നൂർജഹാൻ എച്. | മെഡിക്കൽ ഓഫീസർ | 01-04-2020 | 05-01-2021 |
| ഡോ.രമ്യ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ | 06-01-2021 | 31-03-2021 |
| ഡോ.മനോജ് സി വർഗീസ് | സൂപ്രണ്ട്,പി എച് സി തോളൂർ | 01-04-2020 | 31-03-2021 |
| ചാന്ദ്നി വി ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശബ്ന കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| സിനി ടി ഡി | എസ്.സി. ഡവലപ്പ്മെന്റ് ഓഫീസർ | 01-04-2020 | 31-03-2021 |
| ആശ മാത്യൂ | ശിശു വികസന പ്രോജക്ട് ഓഫീസർ | 01-04-2020 | 31-03-2021 |
| ഉണ്ണിരാജ പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 31-03-2021 |
| മിനി പി ആർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| മഞ്ജുഷ ടി വി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 12-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: P.V.Baby (Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-8 |
| 9 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-9 |
| 10 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-10 |
| 11 | വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-11 |
| 12 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-12 |
| 13 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-13 |
| 14 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 12-07-2022) | 1-14 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-15 |
| 16 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-16 |
| 17 | ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.<br>Written By: Swalih C.P (Auditor, On 02-06-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 03-07-2022) | |
| 18 | അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-18 |
| 19 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-19 |
| 20 | പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 12-07-2022) | 1-20 |
| 21 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകതകൾ<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-21 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-22 |
| 23 | കുടിവെള്ള പദ്ധതികൾ- പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.<br>Written By: Meera T (Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-23 |
| 24 | സുഭിക്ഷ കേരളം- ഫലവൃക്ഷത്തൈ വിതരണം- ഗ്രാമപഞ്ചായത്തുകൾക്ക് സഹായം- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: P.V.Baby (Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-24 |
| 25 | വാഹനങ്ങളുടെ റിപ്പയർ സംബന്ധിച്ച്.<br>Written By: Swalih C.P (Auditor, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-25 |
| 26 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 12-07-2022) | 1-26 |
| 27 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾ ,ലേല നടപടി വിവരങ്ങൾ ഹാജരാക്കിയില്ല.<br>Written By: P.V.Baby (Audit Officer, On 04-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-3 |
| 4 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: Swalih C.P (Auditor, On 02-06-2022) | 4-5 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 03-07-2022) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: P.V.Baby (Audit Officer, On 03-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Swalih C.P (Auditor, On 02-06-2022)<br>Last Updated By: Sudha Das (Joint Director, On 16-07-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.03.2020, തീരുമാനം നം.1(1) / 2020 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 163937080 | 163377080 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 19.02.2021, തീരുമാനം നം. 1(3) / 2021 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 195879550 | 195450966 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 22-06-2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11213867.57 |
| വരവ് | 56021250 |
| ആകെ | 67235117.57 |
| ചെലവ് | 59648639 |
| നീക്കിയിരിപ്പ് | 7586478,57 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACRപ്രകാരം) | 0 | 24137379 | 24137379 | 19825446 | 4311933 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 15612228 | 15612228 | 14965904 | 646324 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4214934 | 4214934 | 4214934 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മിഷൻ (ACR പ്രകാരം) Tied Grant | 0 | 4540000 | 4540000 | 4540000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മിഷൻ (ACR പ്രകാരം) Untied | 0 | 4540000 | 4540000 | 4540000 | 0 |

| | | | | | |
|---|---|---|---|---|---|
| Grant കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 75693173 | 51 | 51583559 | 84 | 54 | 26.98 |

## 1-6 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.6.2022 തീയതിയിൽ 3:15 PM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളും രജിസ്റ്ററുകളും ഏറെക്കുറെ കൃത്യതതയോടെ പരിപാലിക്കുന്നുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ടെണ്ടർ നടപടികളിൽ ടെണ്ടർ കൊള്ളാൻ ആളില്ലാത്തതിനാൽ ക്വട്ടേഷൻ നടപടിയിലൂടെയാണ് പല കരാറുകളും ഉറപ്പിക്കുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ പലരും TR.7A കാഷ് ബുക്ക് പരിപാലിക്കുന്നില്ല. (ഉദാ :- അസി. എൻജിനീയർ)

പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല. . നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഓതറൈസേഷൻ പത്രികകളിൽ പലതിലും മേലധികാരികൾ ഒപ്പുവെക്കുന്നില്ല. വൗച്ചറുകളിൽ പ്രസിഡന്റും, സെക്രട്ടറിയും സംയുക്തമായി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ നടപടികളുടെ ഭാഗമായുള്ള പ്രാഥമിക കരാറുകളിൽ രേഖപ്പെടുത്തലുകൾ ഇല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| . | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.2.2022 | 2020-21 | 16.3.2022 |
| അക്കൗണ്ടന്റ് ജനറൽ | 26.3.2022 | 4/2017-02/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-9 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2))

.പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രം.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 34080 | 06.01.2021 | 42000006 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ്, നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഖണ്ഡിക 1-21 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-13 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income - Other Incomes | (1000.00) |
| 280800201-Prior Period - Administrative Expenses | (3580.00) |
| 280800301-Prior Period - Operations And Maintenance Expenses | (323270.00) |

## 1-14 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-11 പ്രകാരം ആസ്തിമൂല്യം 2,48,88,167/- രൂപയാണ്. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-16 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3627389 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2735726 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ മേൽ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-17 ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ I-17(a) പ്രകാരം 8 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ നം. | ആസ്തി -ശീർഷകം | 31/3/2021 ലെ മൂല്യം |
|---|---|---|
| 1 | 410710199-Movable Asset Others | 988070 |

## 1-18 അഡ്വാൻസ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും Advance To Implementing Officers - വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

Advance To Others, Advance To Implementing Agencies എന്നിവ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 1-19 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ RP 34 പ്രകാരമുള്ള വരവ് ചെലവുകളുടെയും B-7 പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-20 പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/2021 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളുടെയും വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല. ഉദാ: പ്രോജക്റ്റ് നം. 47/21,54/21,63/21.

## 1-21 കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക സംബന്ധിച്ചുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കെട്ടിടങ്ങളിൽ നിന്ന് വാടക ഈടാക്കുന്നുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.
2. ആകെ 5 കെട്ടിടങ്ങളിൽ നിന്നാണ് സ്ഥാപനത്തിന് വാടക ഇനത്തിൽ വരവ് ലഭിക്കുന്നത്. പ്രസ്തുത കെട്ടിടങ്ങളുടെ വാടക നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല.

3. ലഭ്യമാക്കിയ വിവിധ രേഖകൾ പ്രകാരം കെട്ടിടങ്ങളിൽ നിന്നുള്ള വാടകയുടെ വർഷാന്ത്യ സ്ഥിതി താഴെ കൊടുത്തിരിക്കുന്ന

പ്രകാരമാണ്.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ഇനം | ഡിമാൻഡ് | | | കളക്ഷൻ | | | ബാലൻസ് |
|---|---|---|---|---|---|---|---|---|---|
| | | | കടിശ്ശിക | തൻവർഷം | ആകെ | കടിശ്ശിക | തൻവർഷം | ആകെ | |
| 1 | 2019-20 | യഥാർത്ഥ കണക്ക് ( രജിസ്റ്ററിലെ പ്രതിമാസ രേഖപെടുത്തലുകൾ പ്രകാരം ) | 600 | 34080 | 34680 | 600 | 25710 | 26310 | 8370 |
| | | രജിസ്റ്ററിലെ വർഷാന്ത്യ സംക്ഷിപ്തം പ്രകാരം | 600 | 34080 | 34680 | 600 | 25710 | 26310 | 5530 (2020 മാർച്ച് മാസത്തിലെ വാടകയായ 2840 രൂപ കമ്മിറ്റി തീരുമാനം പ്രകാരം (കോവിഡ് ലോക്ക്ഡൗൺ ) ഒഴിവാക്കി നൽകിയതിന് ശേഷമുള്ള തുക ) |
| | | വാർഷിക കണക്ക് പ്രകാരം | 600 | 34080 | 34680 | 600 | 26710 | 27310 | 7370 |
| 2 | 2020-21 | യഥാർത്ഥ കണക്ക് ( രജിസ്റ്ററിലെ പ്രതിമാസ രേഖപെടുത്തലുകൾ പ്രകാരം ) | 5530 (2020 മാർച്ച് മാസത്തിലെ വാടകയായ 2840 രൂപ കമ്മിറ്റി തീരുമാനം പ്രകാരം (കോവിഡ് ലോക്ക്ഡൗൺ ) ഒഴിവാക്കി നൽകിയതിന് ശേഷമുള്ള തുക ) | 28400 (2020 ഏപ്രിൽ, മെയ് മാസങ്ങളിലെ മാസത്തിലെ വാടകയായ 5680 രൂപ കമ്മിറ്റി തീരുമാനം പ്രകാരം (കോവിഡ് ലോക്ക്ഡൗൺ ) ഒഴിവാക്കി നൽകിയതിന് ശേഷമുള്ള തുക ) | 33930 | 3330 | 17400 | 20730 | 13200 |
| | | രജിസ്റ്ററിലെ സംക്ഷിപ്തം പ്രകാരം | 5530 | 34080 | 39610 | 3330 | 17400 | 20730 | 13200 (2020 ഏപ്രിൽ, മെയ് മാസങ്ങളിലെ മാസത്തിലെ വാടകയായ 5680 രൂപ കമ്മിറ്റി തീരുമാനം പ്രകാരം (കോവിഡ് ലോക്ക്ഡൗൺ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ) ഒഴിവാക്കി നൽകിയതിന് ശേഷമുള്ള തുക ) |
| | വാർഷിക കണക്ക് പ്രകാരം | 7370 | 25560 (2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ മാസത്തിലെ വാടകയായ 8520 രൂപ കമ്മിറ്റി തീരുമാനം പ്രകാരം (കോവിഡ് ലോക്ക്ഡൗൺ ) ഒഴിവാക്കി നൽകിയതിന് ശേഷമുള്ള തുക ) | 32930 | 3330 | 17400 | 20730 | 13200 |

മുകളിൽ നൽകിയിട്ടുള്ള രേഖപ്പെടുത്തലുകളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) 31.3.2020 ൽ യഥാർത്ഥത്തിൽ വരേണ്ടിയിരുന്ന കുടിശ്ശിക 8370 രൂപയായിരുന്നു. എന്നാൽ രജിസ്റ്ററിലെ വർഷാന്ത്യ സംക്ഷിപ്തം പ്രകാരം ആയത് 5530 രൂപയാണ്. കോവിഡ് ലോക്ക്ഡൗൺ കണക്കിലെടുത്ത് 2020 മാർച്ച്,ഏപ്രിൽ,മെയ് മാസങ്ങളിലെ വാടക ഒഴിവാക്കി നല്കാൻ ഭരണ സമിതി തീരുമാനിച്ചിട്ടുള്ളതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. .പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച് മാസത്തെ വാടക ഒഴിവാക്കിയുള്ള തുകയാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഭരണ സമിതി യോഗത്തിന്റെ മിനുട്സ് പരിശോധിച്ചപ്പോൾ ഫോർച്യൂൺ HRD എന്ന സ്ഥാപനത്തിന്റെ 2020 മാർച്ച്, ഏപ്രിൽ മാസത്തെ വാടക ഭരണസമിതിയുടെ 25.5.2020 ലെ 11(1) തീരുമാനം പ്രകാരവും, ഐക്യവേദി സ്വയം സഹായ സംഘം എന്നവരുടെ ലോക്ക്ഡൗൺ കാലഘട്ടത്തിലെ വാടക ഭരണസമിതിയുടെ 14.9.2020 ലെ 3 (5) നമ്പർ തീരുമാന പ്രകാരവും ഒഴിവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളുടെ വാടക ഒഴിവാക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടില്ല.ഭരണസമിതി അംഗീകാരം ഇല്ലാതെ വാടക കുറച്ചത് ചട്ടവിരുദ്ധമാണ്. 31.3.2020 ൽ തയ്യാറാക്കേണ്ട രജിസ്റ്ററിൽ 2020 മെയ്,സെപ്റ്റംബർ മാസങ്ങളിലെ തീരുമാന പ്രകാരമുള്ള തുക കുറവ് ചെയ്ത നടപടിയും ക്രമവിരുദ്ധമാണ്.

ബി) 2019-20 സാമ്പത്തിക വർഷത്തിലെ യഥാർത്ഥ വരവ് നീക്കിയിരുപ്പ് എന്നിവ യഥാക്രമം 26310, 8730 രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ RP-43, B-15 എന്നീ ഷെഡ്യൂളുകളിൽ പ്രസ്തുത തുകകൾ യഥാക്രമം 27310, 7370 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സി) 2020-21 വാർഷിക കണക്കിൽ വാടക ഇനത്തിലുള്ള നീക്കിയിരുപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നിട്ടുണ്ട്.ഡിമാൻഡ് – കളക്ഷൻ = ബാക്കി എന്ന രീതിയിൽ കൃത്യമായ തുക കണക്കാക്കിയിട്ടില്ല.

ഡി) 2020 മാർച്ച്,ഏപ്രിൽ,മെയ് മാസങ്ങളിലെ ഒഴിവാക്കി നൽകിയ വാടകയായ 8520 രൂപ 2020-21 സാമ്പത്തിക വർഷത്തിലെ ഡിമാന്റിൽ കുറവ് ചെയ്തിട്ടുള്ളതായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2020 മാർച്ച് മാസത്തെ വാടകയായ 2840 രൂപ 2020-21 വർഷത്തെ ഡിമാൻഡിൽ കുറവ് ചെയ്തത് തെറ്റാണ്. ആയത് I-18 ഷെഡ്യൂളിൽ ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തുകയാണ് ചെയ്യേണ്ടിയിരുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/ 30.5.2022 ) മറുപടി ലഭ്യമാക്കിയില്ല.

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ ( പദ്ധതി നം - 53/21) പ്ലാൻ ഫണ്ട് 1200000രൂപ വകയിരുത്തുകയും 750000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 6 പേർക്കാണ് തൻവർഷം ആനുകൂല്യം നൽകിയിരിക്കുന്നത്. ഇതിൽ ശ്രീരാജി.കെ.ആർ, കാങ്കിൽ ഹൗസ്, മണിത്തറ,

അവണ്ണൂർ ഗ്രാമപഞ്ചായത്ത് എന്ന വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ ഫയൽ എന്നിവ പരിശോധിച്ചതിൽ ടിയാരി നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു.

| ബിൽ നം /തിയതി | തുക |
|---|---|
| 19/20-21/16.2.21 | 50000 |
| 17/21-22/28.1.22 | 75000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/2.6.22) പണി പൂർത്തീകരിക്കാത്ത പക്ഷം തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 കുടിവെള്ള പദ്ധതികൾ- പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.

കുടിവെള്ള പദ്ധതികൾക്കായി തൻ വർഷത്തിൽ ഭൂജല വകുപ്പിൽതുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | ഫണ്ട് | അടങ്കൽ | ചെലവ് ട്രഷറി ബിൽ, തുക | ഇ വൗച്ചർ |
|---|---|---|---|---|---|
| 1. | S00 25/21തളിയൻപാറ അടാട്ട് മിച്ച ഭൂമി കുടിവെള്ള പദ്ധതി | വികസന ഫണ്ട് | 200000 | 18/3-6-20, 200000/- | 22000097/2-7-20 |
| 2. | S0019/21പറപ്പൂർ അംബേദ്കർകുടിവെള്ള പദ്ധതി | വികസന ഫണ്ട് | 360000 | 16/3-6-20, 360000/- | 22000095/28-5-20 |
| 3. | S0018/21എടക്കളം അംഗൻവാടി കുടിവെള്ള പദ്ധതി | വികസന ഫണ്ട്(എസ്.സി.പി.) | 325000 | 39/7-10-20, 325000 | 22000352/30-9-20 |
| 4. | S0016/21ചോറ്റുപാറ വാളംകുന്ന്കുടിവെള്ള പദ്ധതി | വികസന ഫണ്ട് | 470000 | 11/27-4-20, 470000 | 22000067/29-4-20 |
| 5. | S0012/21മുളകുന്നത്തുകാവ് കിഴക്കേ അങ്ങാടി കുടിവെള്ള പദ്ധതി | വികസന ഫണ്ട്-267000 തനത്-200000 | 467000 | -- | 22000065/29-4-20 22000058/29-4-20 |
| 6. | S0 180/21മഹാത്മകുടിവെള്ള പദ്ധതി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 850000 | 80/9-2-21, 850000 | 22000635/6-2-21 |
| 7. | S0179/21തോളൂർടോമി സ്ട്രീറ്റ്കുടിവെള്ള പദ്ധതി | വികസന ഫണ്ട് | 220000 | 78/9-2-21 117166 79/-2-21 102834 | 22000636/6-2-21 |
| 8. | S0 171/21ശങ്കരം കണ്ടം ,കൈപ്പറമ്പ് വാർഡ്4 കുടിവെള്ള പദ്ധതി | വികസന ഫണ്ട്613500 തനത് 2166 ഗുണഭോക്തൃ വിഹിതം6500 | 625000 | 60/19-11-20 | 22000468/18-11-20 22000465/18-11-20 |
| 9. | S0164/21തോളൂര് ടോമി സ്ട്രീറ്റ് വാർഡ്അഞ്ച് കുടിവെള്ള പദ്ധതി | വികസന ഫണ്ട്742500 ഗുണഭോക്തൃ വിഹിതം 7500 | 750000 | 61/19-11-20 | 22000466/19-11-20 |
| 10. | S0156/21മഹാത്മ കോലഴികുടിവെള്ള പദ്ധതി | വികസന ഫണ്ട്742500 ഗുണഭോക്തൃ വിഹിതം 7500 | 750000 | 65/23-12-20 | - |
| 11. | S0023/21ലാൽ ബഹാദൂർ ശാസ്ത്രി | വികസന ഫണ്ട് | 200000 | 75/141-21 | 22000553/13-1-21 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | | | | |
| 12. | S0020/21വെളപ്പായ നാല് സെന്റ് കോളനികുടിവെള്ള പദ്ധതി | വികസന ഫണ്ട് | 660000 | 68/12-1-21 | 22000538/6-1-21 |
| 13. | S0119/21ആറംപുള്ളി കുറുമാലി എസ്.സി കോളനികുടിവെള്ള പദ്ധതി | വികസന ഫണ്ട് | 351004 | 2/27-4-20 | 22000049/12-4-20 |

പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി -14/ 2-6-2022)

## 1-24 സുഭിക്ഷ കേരളം- ഫലവൃക്ഷത്തൈ വിതരണം- ഗ്രാമപഞ്ചായത്തുകൾക്ക് സഹായം- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ (പ്രോജക്ട് നമ്പർ 137/21) സുഭിക്ഷ കേരളം ഫലവൃക്ഷത്തൈ വിതരണം- ഗ്രാമപഞ്ചായത്തുകൾക്ക് സഹായം- എന്ന പദ്ധതി പ്രകാരം അടങ്കൽ തുക 160355/- ആയി 159855/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു,

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1 | 22000551/4.12.2020 | 29,250 |
| 2 | 22000559/13.1.2021 | 16,050 |
| 3 | 22000560/13.1.2021 | 13,625 |
| 4 | 22000661/16.2.2021 | 29,250 |
| 5 | 22000814/19.3.2021 | 34,940 |
| 6 | 22000784/24.2.2021 | 36,740 |
| | ആകെ | 1,59,855 |

1,59,855/-രൂപ ചെലവഴിച്ചതിൽ 130180/-രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ക്രമ നം.2, 3 പ്രകാരം നൽകിയ 29675/-രൂപയുടെ (16050+13625) ധനവിനിയോഗ സാക്ഷ്യപത്രം, പഞ്ചായത്തുകളുമായി ഉണ്ടാക്കിയ കരാർ പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണ ഫോറം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-25 വാഹനങ്ങളുടെ റിപ്പയർ സംബന്ധിച്ച്.

2020-21 സാമ്പത്തിക വർഷത്തിൽ പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ KL-08/AX-5890, KL-08/BX-7840 എന്നീ വാഹനങ്ങളുടെ റിപ്പയർ & സർവ്വീസ് ചാർജ്ജിനത്തിൽ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വാഹനത്തിന്റെ നം. | ചെക്ക് നം./ തീയതി | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം/തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | KL-08/AX-5890 (ടവേറ) | 5394802/ 26.2.2021 | ടോപ് ഗിയർ കാർ മെയിന്റനൻസ് സെന്റർ, എലൈറ്റ് പടി, ഏങ്ങണ്ടിയൂർ | 762/27.1.2021 | 9710 |
| | | | ടോപ് ഗിയർ കാർ മെയിന്റനൻസ് സെന്റർ, എലൈറ്റ് പടി, ഏങ്ങണ്ടിയൂർ | 767/27.1.2021 | 9460 |
| | | | ടോപ് ഗിയർ കാർ മെയിന്റനൻസ് സെന്റർ, | 777/27.1.2021 | 8500 |

| | | | | | |
|---|---|---|---|---|---|
| | | | എലൈറ്റ് പടി, ഏങ്ങണ്ടിയൂർ | | |
| | | | | ആകെ | 27670 |
| 2 | KL-08/BS-7840 (ബൊലേറോ) | 5394804/ 26.2.2021 | Eram Motors Pvt.Ltd., Kuttanellur | RBR21B007640/ 27.1.2021 | 4325 |
| | | | Eram Motors Pvt.Ltd., Kuttanellur | RBR21B007639/ 27.1.2021 | 6070 |
| | | | Eram Motors Pvt.Ltd., Kuttanellur | RBR21B007651/ 27.1.2021 | 1345 |
| | | | Eram Motors Pvt.Ltd., Kuttanellur | RBR21B007650/ 27.1.2021 | 8608 |
| | | | River Side Tyre Alloy Wheels, Punkunnam, Puzhakkal Padam | B-3321/ 27.1.2021 | 1000 |
| | | | | | 21348 |

വാഹനത്തിന്റെ പ്രതീക്ഷിത റിപ്പയറിംഗ് ചെലവ് 10,000/-രൂപയ്ക്ക് മുകളിലാണെങ്കിൽ ക്വട്ടേഷൻ മുഖേന മാത്രം നടത്തേണ്ടതാണ്. കൂടാതെ പ്രതീക്ഷിത ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതുമാണ്. മുകളിൽ പറഞ്ഞ കേസുകളിൽ ഈ രണ്ടു വ്യവസ്ഥകളും പാലിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായി വിവിധ ഏജൻസികൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഫണ്ട് | ട്രഷറി ബിൽ, ഇ.വൗച്ചർ /തുക | റിമാർക്സ് |
|---|---|---|---|---|
| 1 | IKM ബ്ലോക്ക് വിഹിതം S0003/21 | വികസന ഫണ്ട് | 14/07.05.2020 ഇ.വൗച്ചർ-2200062/ 23.04.2020 42,977/- | ബ്ലോക്ക് വിഹിതം-ഇൻഫർമേഷൻ കേരള മിഷൻ |
| 2 | ലൈഫ് ഭവന പദ്ധതി (ജനറൽ) S00 8/21 | വികസന ഫണ്ട് | ഇ.വൗച്ചർ-22006546/ 18.1.2021 1,00,000/- | ലൈഫ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾ ,ലേല നടപടി വിവരങ്ങൾ ഹാജരാക്കിയില്ല.

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ കാന നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിച്ച മണ്ണിന്റെ വിനിയോഗ വിവരം സംബന്ധിച്ച വിവരങ്ങൾ അളവു പുസ്തകത്തിലോ, ഫൈനൽ ബില്ലിലോ രേഖപ്പെടുത്തിയിട്ടില്ല പ്രോജക്ടിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

A) പ്രോജക്ടിന്റെ പേര്, നം. - ജലസമൃദ്ധി അടാട്ട് അമ്പലംകാവ് കാന

നിർമ്മാണം ,S0075/21.

അടങ്കൽ - 10 ലക്ഷം.

കരാറുകാരൻ - രഘുനാഥൻ പിള്ള.

എഗ്രിമെന്റ് നം. -16/2019 -20. Dtd. 26.11.2019.

അളവ് പുസ്തകം - MB.No. 124/17 -18., 190/17 -18.

ട്രഷറി ബിൽ നം.21/20 -21.dtd. 15.9.20. 397603/ -

ട്രഷറി ബിൽ നം.32/ 20 -21.dtd.17.11.20. 202397/ -

ചെക്ക് നം.50346.dtd.18.11.2020. 111282/ -

അളവ് പുസ്തക പ്രകാരം അവസാന അളവ് - 28.9.20.

സെക്കന്റ് & ഫൈനൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടിൽ 111.08$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി (10/2.6.2022) യ്ക്കുള്ള മറുപടിയിൽ അടാട്ട് വായനശാല ഗ്രൗണ്ട് ലെവൽ ചെയ്യുന്നതിന് അനുവദിക്കണമെന്നും, എൽ എസ്.ജി.ഡി.എഞ്ചിനിയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ വായനശാല പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് മണ്ണ് നീക്കം ചെയ്യുന്നതിന് നിബന്ധനകളോടെ അനുമതി നല്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീരുമാനം നടപ്പിലാക്കിയതിന്റെ വിവരങ്ങൾ, വായനശാലയുമായി കരാറിൽ ഏർപ്പെട്ടതിന്റെ കോപ്പി എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

B) പ്രോജക്ടിന്റെ പേര്, നം. -കൈപറമ്പ് പേരാമംഗലം വൃന്ദാവൻ റോഡ്

കാന നിർമ്മാണം പൂർത്തീകരണം.

S0080/21.

അടങ്കൽ - 450000/ -

എഗ്രിമെന്റ് നം. -6/2020.dtd.19.5.20.

കരാറുകാരൻ - രമേഷ്.ഇ.ആർ.

ട്രഷറി ബിൽ നം 26/20 -21. Dtd.14.10.2020. 449025/ -

MB.No. -139/ 17 -18.

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് - 90.48 M3.

ഓഡിറ്റ് എൻക്വയറി 10/2.6.22.നുള്ള മറുപടിയിൽ കൈപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 10.8.2020 തിയതിയിലെ 2/2 നമ്പർ തീരുമാനം നടപ്പിലാക്കിയതിന്റെ തെളിവ് ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. കുഴിച്ചെടുത്ത മണ്ണിന്റെ മൂല്യം കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോലഴി ഗ്രാമ പഞ്ചായത്ത് | 2020-21 | 20000 | ലൈഫ് ഒന്നാം ഘട്ടം ഗുണഭോക്താവിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | 20000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ജലസമൃദ്ധി ആറംമ്പുള്ളി കുടിവെള്ള പദ്ധതി – കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 22000041 തീയതി 11.04.2020 | 486438 | 0 | 486438 |
| " | ജലസമൃദ്ധി ആറംമ്പുള്ളി കുടിവെള്ള പദ്ധതി പൂർത്തീകരണം കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 22000069 തീയതി 29.04.2020 | 230000 | 0 | 230000 |
| " | ജല സമൃദ്ധി അടാട്ട് കോൺവെൻറ് റോഡ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000068 തീയതി 29.04.2020 | 62763 | 0 | 62763 |
| " | ജല സമൃദ്ധി വെളപ്പായ നാലു സെൻറ് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000538 തീയതി 06.01.2021 | 660000 | 0 | 660000 |
| " | ജല സമൃദ്ധി ആറമ്പുള്ളി കുറുമാൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം കൈപ്പറമ്പ് ഗ്രാമ | 22000049 തീയതി 12.04.2020 | 351004 | 0 | 351004 |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | | | |
| “ | ജല സമൃദ്ധി മുളങ്കുന്നത്തുകാവ് ഉദയനഗർ കെൽട്രോൺ കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000048 തീയതി 12.04.2020 | 447491 | 0 | 447491 |
| “ | ”ജല സമൃദ്ധി മുളങ്കുന്നത്തുകാവ് ഉദയനഗർ കെൽട്രോൺ കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000532 തീയതി 07.01.2021 | 300000 | 0 | 300000 |
| “ | തോളൂർ ഗ്രാമ പഞ്ചായത്ത് തൊട്ടാപ്പാൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി ഘട്ടം 2 | 22000470 തീയതി 11.11.2020 | 214234 | 0 | 214234 |
| “ | | 22000542 തീയതി 06.01.2021 | 85766 | 0 | 85766 |
| “ | തൊട്ടാപ്പാൽ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം തോളൂർ ഗ്രാമ പഞ്ചായത്ത് | 22000353 തീയതി 30.09.2020 | 206700 | 206700 | 0 |
| “ | ജല സമൃദ്ധി മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്തിലെ 4 9 വാർഡുകളിലെ കിഴക്കേ അങ്ങാടി കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000065 തീയതി 29.04.2020 | 267000 | 0 | 267000 |
| “ | ജലസമൃദ്ധി ചോറ്റുപാറ വാളംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000067 തീയതി 29.04.2020 | 470000 | 0 | 470000 |

| | | | | | |
|---|---|---|---|---|---|
| | മുളങ്കുന്നത്തുകാവ് | | | | |
| " | ജലസമൃദ്ധി എടക്കളം അംഗൻവാടി കുടിവെള്ള പദ്ധതി അവണ്ണൂർ | 22000352 തീയതി 30.09.2020 | 325000 | 0 | 325000 |
| " | ജലസമൃദ്ധി - കോലഴി പ്രിയദർശിനി കുടിവെള്ള പദ്ധതി പൂർത്തീകരണം കോലഴി ഗ്രാമ പഞ്ചായത്ത് | 22000063 തീയതി 29.04.2020 | 215000 | 0 | 215000 |
| " | ജലസമൃദ്ധി പറപ്പൂർ ശാന്തി മന്ദിരം കുടിവെള്ള പദ്ധതി പൂർത്തീകരണം തോളൂർ ഗ്രാമ പഞ്ചായത്ത് | 22000064 തീയതി 29.04.2020 | 181062 | 0 | 181062 |
| "" | ജലസമൃദ്ധി കൈപ്പറമ്പ് വാർഡ് 18 പുത്തൂർ ത്തുല്യത കുടിവെള്ള പദ്ധതി പൂർത്തീകരണം കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 22000066 തീയതി 29.04.2020 | 217857 | 0 | 217857 |
| " | ജലസമൃദ്ധി പറപ്പൂർ അംബേദ്കർ കുടിവെള്ള പദ്ധതി പൂർത്തീകരണം തോളൂർ ഗ്രാമ പഞ്ചായത്ത് | 22000095 തീയതി 28.05.2020 | 360000 | 0 | 360000 |
| "" | ജലസമൃദ്ധി എം.ജി കാവ് വടക്കേച്ചിറ കുടിവെള്ള പദ്ധതി പൂർത്തീകരണം മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | 22000381 തീയതി 01.10.2020 | 800000 | 0 | 800000 |
| " | ജലസമൃദ്ധി ആറംമ്പുള്ളി | 22000299 തീയതി | 256062 | 0 | 256062 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 08.09.2020 | | | |
| “ | ജലസമൃദ്ധി - ലാൽ ബഹദൂർ ശാസ്ത്രി എൽബിഎസ് കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം | 22000553 തീയതി 13.01.2021 | 200000 | 0 | 200000 |
| ”“ | ജലസമൃദ്ധി നേച്ചർമൂല കുടിവെള്ള പദ്ധതി കുഴൽകിണർ നിർമ്മാണം | 22000098 തീയതി 02.06.2020 | 100000 | 0 | 100000 |
| “ | ജലസമൃദ്ധി മുളങ്കുന്നത്തുകാവ് തളിയൻപാറ, അടാട്ട് മിച്ചഭൂമി എന്നീ കുടിവെള്ള പദ്ധതികൾക്ക് കുഴൽകിണർ നിർമ്മാണം | 22000097 തീയതി 02.06.2020 | 200000 | 0 | 200000 |
| “ | ജലസമൃദ്ധി - മഹാത്മാ കുടിവെള്ള പദ്ധതി തോളൂർ വാർഡ് 04 | 22000504 തീയതി 22.12.2020 | 742500 | 0 | 742500 |
| “ | ജലസമൃദ്ധി - മഹാത്മാ കുടിവെള്ള പദ്ധതി തോളൂർ വാർഡ് 04 പൂർത്തീകരണം | 22000635 തീയതി 06.02.2021 | 850000 | 0 | 850000 |
| “ | ജലസമൃദ്ധി - ടോമി സ്ട്രീറ്റ് കുടിവെള്ള പദ്ധതി തോളൂർ വാർഡ് 05 | 22000467 തീയതി 18.11.2020 | 742500 | 0 | 742500 |
| ”“ | ജലസമൃദ്ധി - ടോമി സ്ട്രീറ്റ് കുടിവെള്ള പദ്ധതി തോളൂർ വാർഡ് 05 പൂർത്തീകരണം | 22000636 തീയതി 06.02.2020 | 117166 | 0 | 117166 |
| “ | | 22000637 | 102834 | 0 | 102834 |

| | | | | | |
|---|---|---|---|---|---|
| | | തീയതി 06.02.2021 | | | |
| “ | ശങ്കരംകണ്ടം കുടിവെള്ള പദ്ധതി കൈപ്പറമ്പ് വാർഡ് 05 | 22000468 തീയതി 29.04.2020 | 613500 | 0 | 613500 |
| അനെർട്ട് | പാമ്പൂർ പി.എച്ച്.സിയിൽ സോളാർ പവ്വർ പ്ലാൻറ് സ്ഥാപിക്കുന്ന പ്രവൃത്തി | 22000301 തീയതി 09.09.2020 | 650000 | 650000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-5 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56021250 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59648639 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97, 97-98 | എൽ.എഫ്.ടി21-368/00/16.6.00/7.8.00 |
| 98-99(ചെലവ്) | എൽ.എഫ്.ടി21-77/08/10.5.10 |
| 99-00(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 2000-01(ചെലവ്) | എൽ.എഫ്.ടി21-78/08/10.5.10 |
| 1998-99 വരവ് | എൽ.എഫ്.ടി(ബിപി)414/11/2.6.11 |
| 1999-2000 വരവ് | എൽ.എഫ്.ടി(ബിപി)515/11/3.6.11 |
| 2000-01 വരവ് | എൽ.എഫ്.ടി(ബിപി)516/11/3.6.11 |
| 2001-02 | എൽ.എഫ്.ടി 21-880/09/14.7.11 |
| 02-03 | എൽ.എഫ്.ടി21-881/09/14.7.11 |
| 03-04 | എൽ.എഫ്.ടി21-882/09/14.10.11 |
| 04-05 | എൽ.എഫ്.ടി21-1142/10/14.12.11 |
| 05-06 | എൽ.എഫ്.ടി21-1143/10/14.12.11 |
| 06-07 | എൽ.എഫ്.ടി21-1144/110/14.12.11 |
| 07-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി(ബി.പി)-1420/2012/6.2.12/ 14.3.12 |
| 11-12 | എൽ.എഫ്.ടി.(ബി.പി)1656/13/10.3.14 |
| 12-13 | എൽ.എഫ്.ടി.(ബി.പി)1024/14/8.10.14/ 12.11.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി)375/15 /5.8.15/3.9.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(ബി.പി1)704/16 തീ. 21.5.16/16.8.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ.(ബിപി1)351/17/ 24.3.17 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(ബിപി1)1722/17/ 30.11.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ(ബിപി1) 53/2019 തീയതി: 12.02.19 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ(ബിപി1)959/19 തീയതി: 27.9.2019 |
| 19-20 | കെ.എസ്.എ.ടി.എസ്.ആർ.(പി13) 948/2022 തീയതി: 16.07.2022 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുഴക്കല് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്